'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - ബഹു. കേരള അഡ്മിനിസ്റ്റേറ്റീവ് ട്രിബ്യൂണലിന്റെ ഒ.എ. നം.1522/2019-ന്മേലുള്ള 19.08.2019-ലെ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്

സ.ഉ.(സാധാ) നം.130/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 15/01/2020

---

പരാമർശം:- 1 ശ്രീ. അനിൽകുമാർ ഡി. സമർപ്പിച്ച 22.07.2019-ലെ അപേക്ഷ.

2 ബഹു. കേരള അഡ്മിനിസ്റ്റേറ്റീവ് ട്രിബ്യൂണലിന്റെ ഒ.എ. നം.1522/2019-ന്മേലുള്ള 19.08.2019-ലെ വിധിന്യായം

3 പഞ്ചായത്ത് ഡയറക്ടറുടെ 30.10.2019 ലെ PAN/10235/2019-E1(DP) നമ്പർ കത്ത്.

<u>ഉത്തരവ്</u>

പാലക്കാട് ജില്ലയിലെ ഷോളയൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. അനിൽകുമാർ ഡി. ബഹു. കേരള അഡ്മിനിസ്റ്റേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ.1522/2019-ന്മേൽ ബഹു. കേരള അഡ്മിനിസ്റ്റേറ്റീവ് ട്രിബ്യൂണൽ പരാമർശം (2) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ ചുവടെ പറയും പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്.

"The Orginal Application is disposed of with a direction to the first respondent i.e. the Secretary to Local Self Government Department to consider Annexure A5 representation after hearing the 3rd and 4th respondents, within three months of the receipt of the certified copy of this order and the applicant is permitted to file an additional representation stating his grievances otherwise that the posting in Madapally Grama Panchayat along with the certified copy of this order."

2. ബഹു. ട്രിബ്യൂണൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കോട്ടാങ്ങൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. അനിൽകുമാർ ഡി., വാഴപ്പള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീമതി ഷിബി. എൻ, മാടപ്പള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. വേണുഗോപാൽ എന്നിവരെ 30-10-2019-ൽ നേരിൽ കേൾക്കുകയുണ്ടായി. ശ്രീ. അനിൽകുമാർ ഡി. കോട്ടയം ജില്ലയിലെ വാഴപ്പള്ളി, മാടപ്പള്ളി ഗ്രാമപഞ്ചായത്തുകൾ ഒന്നും രണ്ടും ഓപ്ഷനായും പത്തനംതിട്ട ജില്ലയിലെ മല്ലപ്പള്ളി ഗ്രാമപഞ്ചായത്ത് മൂന്നാം ഓപ്ഷനായും പൊതുസ്ഥലം മാറ്റത്തിന് അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ ഒന്നും രണ്ടും ഓപ്ഷനുകളിൽ സ്ഥലംമാറ്റത്തിന് പരിഗണിക്കാതെ കോട്ടാങ്ങൽ ഗ്രാമപഞ്ചായത്തിൽ നിയമിച്ചതിനെതിരെയാണ് ശ്രീ അനിൽകുമാർ അപേക്ഷ സമർപ്പിച്ചിരുന്നത്.

3. തുടർന്ന് ഈ വിഷയത്തിൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (3) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. ശ്രീ. അനിൽകുമാർ ഡി. ഇടുക്കി ജില്ലയിലെ വണ്ടന്മേട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരിക്കെ വെള്ളപ്പൊക്കവുമായി ബന്ധപ്പെട്ടുള്ള

രക്ഷാപ്രവർത്തനങ്ങളിൽ ടിയാന്റെ ഭാഗത്തുനിന്നുണ്ടായ വീഴ്ച പരിഗണിച്ച് ടിയാനെ സേവനത്തിൽനിന്നും സസ്പെന്റ് ചെയ്യുകയും തുടർന്ന് സേവനത്തിൽ പുനഃപ്രവേശിച്ചപ്പോൾ പാലക്കാട് ജില്ലയിലെ ഷോളയൂർ ഗ്രാമ പഞ്ചായത്തിൽ പുനർനിയമനം നൽകുകയും ചെയ്തുവെന്നും വകുപ്പിൽനിന്നും 2019-ലെ പൊതുസ്ഥലം മാറ്റത്തിന് അപേക്ഷ ക്ഷണിച്ച സമയം ശ്രീ. അനിൽകുമാർ ഡി. കോട്ടയം ജില്ലയിലെ വാഴപ്പള്ളി, മാടപ്പള്ളി ഗ്രാമപഞ്ചായത്തുകൾ ഒന്നും രണ്ടും ഓപ്ഷനായും പത്തനംതിട്ട ജില്ലയിലെ മല്ലപ്പള്ളി ഗ്രാമപഞ്ചായത്ത് മൂന്നാം ഓപ്ഷനായും പൊതുസ്ഥലംമാറ്റത്തിന് അപേക്ഷ സമർപ്പിച്ചിരുന്നുവെന്നും എന്നാൽ ശ്രീ. അനിൽകുമാർ ഡി. വാഴപ്പള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരിക്കെ ടി പഞ്ചായത്തിൽ കെട്ടിട നിർമ്മാണ അനുമതി/സിവിൽ രജിസ്ട്രേഷൻ തുടങ്ങിയ വിഷയങ്ങളിൽ നടത്തിയ ക്രമക്കേടിന്റെ അടിസ്ഥാനത്തിൽ സർക്കാർ മുമ്പാകെ സമർപ്പിച്ചിട്ടുള്ള പരാതിയിൽ അന്വേഷണം നടത്തുകയും അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടിയാന് കഠിനശിക്ഷക്ക് കുറ്റപത്രം നൽകി തുടർ നടപടി സ്വീകരിച്ചുവരുന്നതിനാലാണ് ടിയാന് വാഴപ്പള്ളി പഞ്ചായത്തിൽ നിയമനം നൽകാതിരുന്നതെന്നും അതുപോലെതന്നെ മാടപ്പള്ളി ഗ്രാമപഞ്ചായത്തും വാഴപ്പള്ളി ഗ്രാമപഞ്ചായത്തും ഒരേ ബ്ലോക്കിൽപ്പെടുന്ന പഞ്ചായത്തുകളായതിനാലും കൂടാതെ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. വേണുഗോപാൽ 2020 മെയ് മാസം വിരമിക്കുന്ന ജീവനക്കാരയതിനാലുമാണ് ടിയാന് മാടപ്പള്ളി ഗ്രാമപഞ്ചായത്തിൽ നിയമനം നൽകാതിരുന്നതെന്നും കൂടാതെ മൂന്നാം ഓപ്ഷനായി ആവശ്യപ്പെട്ട മല്ലപ്പള്ളിയിൽ ഒഴിവില്ലാത്തതിനാലാണ് 15 കിലോമീറ്റർ ചുറ്റളവിലുള്ള കോട്ടാങ്ങൽ ഗ്രാമപഞ്ചായത്തിൽ നിയമനം നൽകിയതെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശ്രീ. അനിൽകുമാർ ഡി. യുടെ അപേക്ഷ വരുന്ന പൊതുസ്ഥലമാറ്റത്തിൽ 25.02.2017-ലെ 3/2017/P&ARD ഉത്തരവ് പ്രകാരമുള്ള മാനദണ്ഡങ്ങൾക്ക് വിധേയമായി പരിഗണിക്കാവുന്നതാണെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ശ്രീ. അനിൽകുമാർ ഡി.യുടെ അപേക്ഷയിലെ ആവശ്യം വരുന്ന പൊതുസ്ഥലംമാറ്റത്തിൽ പരിഗണിക്കുവാൻ പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകി ഉത്തരവാകുന്നു.

5. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (2) ഉത്തരവ് ഇപ്രകാരം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**രമണി മാത്യൂ**
**അഡീഷണല് സെക്രട്ടറി**

1. ശ്രീ. അനിൽകുമാർ ഡി., മുൻ സെക്രട്ടറി, ഷോളയൂർ ഗ്രാമപഞ്ചായത്ത്
   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
2. അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
4. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
5. ഡയറക്ടർ, ഐ.കെ.എം.,തിരുവനന്തപുരം
6. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ